A

1002

# സമഗ്രശിക്ഷാ, കേരളം

# അർധവാർഷിക മൂല്യനിർണ്ണയം 2024-25

ക്ലാസ് : 10

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (1 സ്കോർ വീതം)** **(4x1= 4)**

1. ''തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി.''

കഞ്ഞിനനവ് എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- കഞ്ഞിയാകുന്ന നനവ്
- കഞ്ഞിപോലെയുള്ള നനവ്
- കഞ്ഞിയും നനവും
- കഞ്ഞിയുടെ നനവ്

2. ''ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും...''

ഇങ്ങനെ ചിന്തിക്കാൻ പുഷ്കരനെ പ്രേരിപ്പിച്ചതെന്ത്?

- നളനേക്കാൾ അധികാരമുണ്ടെന്നുള്ള അഹങ്കാരം.
- രാജ്യാധികാരം ലഭിക്കാത്തതിലുള്ള നിരാശ.
- നളന്റെയും പുഷ്കരന്റെയും തുല്യാധികാരം.
- നളന് പുഷ്കരനോടുള്ള വിരോധം.

3. ചേർത്തെഴുതിയവയിൽ വേറിട്ടുനിൽക്കുന്ന പദക്കൂട്ടം ഏത്?

- വിരൽ, തുമ്പ് - വിരൽത്തുമ്പ്
- പോയി, കഴിഞ്ഞ് - പോയിക്കഴിഞ്ഞ്
- ഓർത്ത്, എടുക്കുക - ഓർത്തെടുക്കുക
- അപ്പോൾ, തന്നെ - അപ്പോൾത്തന്നെ

4. ''നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരനു പറയാനൊക്കുമോ? ഇത് നിലമുഴുന്നതു പോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല.''

ദസ്തയേവ്സ്കിയുടെ ഈ വീക്ഷണത്തോട് ഏറ്റവും ചേർന്നുനിൽക്കുന്നത് ഏത്?

- സമയനിബന്ധന പാലിച്ച് എഴുതുന്നതാണ് നല്ലത്.
- ഒരു നിബന്ധനയുമില്ലാതെ ആത്മാവിൽ നിന്ന് വെളിപ്പെടുന്നതാണ് എഴുത്ത്.
- കായികമായ അധ്വാനമാണ് എഴുത്തിനെ മികച്ചതാക്കുന്നത്.
- മറ്റൊരാളുടെ നിർദേശമനുസരിച്ച് എഴുതിയാൽ കൂടുതൽ മികച്ചതാകും.

(മറുപുറം)

5. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ജോടി ഏത്?

- നളചരിതം ആട്ടക്കഥ - എഴുത്തച്ഛൻ
- ഭാരതപര്യടനം - എസ്.കെ. പൊറ്റെക്കാട്ട്
- ഒരു സങ്കീർത്തനംപോലെ - ഒ.വി. വിജയൻ
- അക്കർമാശി - ശരൺകുമാർ ലിംബാളെ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)** **(2x2=4)**

6. "സുവ്രതേ, ഇവൻ വാക്കുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല."

(ഋതുയോഗം)

താപസി ഇങ്ങനെ പറയുന്നത് എന്തുകൊണ്ട്? വ്യക്തമാക്കുക.

7. അവൻ അതിലെ കോഷ്ഫിലെ ഇടവഴിയിലേക്ക് എടുത്തുചാടി.
എടുത്തുചാടി തീരുമാനമെടുക്കുന്നത് ഉചിതമല്ല.

എടുത്തുചാടി എന്ന പദത്തിന് രണ്ടു സന്ദർഭങ്ങളിലുമുള്ള അർഥം കണ്ടെത്തിയെഴുതുക.

8. "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" എന്നു ചോദിക്കുന്ന വിസ്മയത്തോടെ ദസ്തയേവ്സ്കി അന്നയുടെ കണ്ണുകളിലേക്കു നോക്കി."

(ആത്മാവിന്റെ വെളിപാടുകൾ)

അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കുറിക്കുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5x4 = 20)**

9. "വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു."

(കടൽത്തീരത്ത്)

ഈ കഥാന്ത്യം നിങ്ങളിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം?

10. "എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി."

(ഞാൻ കഥാകാരനായ കഥ)

ഇത്തരത്തിൽ നിങ്ങളെ സ്വാധീനിച്ച ഏതെങ്കിലും ഒരനുഭവം കുറിക്കുക.

11. "എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങുമ്പോഴേക്കും ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയും: "എന്താ നീ വായിക്കണത്? അതിങ്ങു താ."

(അക്കർമാശി)

'കടലാസ്' രണ്ടുപേരിലും ഉണ്ടാക്കുന്ന ചിന്തകൾ എന്തെല്ലാം? സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

12. "നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും"

(പ്രലോഭനം)

പുഷ്കരന്റെ ഈ വാക്കുകൾ കലിക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

13. "രാത്രി ആളുകളുറങ്ങി എത്രയ്ക്കു നിശ്ശബ്ദമായ ശിബിരത്തിലേക്കോ താൻ കടന്നു ചെന്നത്, ആളുകൾ കൊല്ലപ്പെട്ട് അത്രയും നിശ്ശബ്ദമായ ശിബിരത്തിൽനിന്ന് അയാൾ പുറത്തേക്കും പോന്നു."

(യുദ്ധത്തിന്റെ പരിണാമം)

രണ്ടു സന്ദർഭങ്ങളിലും നിശ്ശബ്ദതയെ അവതരിപ്പിച്ചിരിക്കുന്നതിലെ ഔചിത്യം വ്യക്തമാക്കുക.

14.
- അന്ന ചോദിച്ചു: "ആ ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്കും വീതിച്ചു കൊടുക്കുന്നു, അല്ലേ?"

  (ആത്മാവിന്റെ വെളിപാടുകൾ)

- "ഞാൻ ഹൈസ്കൂളിൽ വിദ്യാർഥിയായിരുന്ന കാലത്ത് ഉണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥകളെഴുതാൻ പ്രേരിപ്പിച്ചത്."

  (ഞാൻ കഥാകാരനായ കഥ)

സൂചനകൾ വിശകലനം ചെയ്ത് എഴുത്തിന്റെ വഴിയെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** **(2x6 = 12)**

15.
- "എന്നാൽ എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം. അതു പ്രയോഗിച്ചതു വെറുതെയായിക്കൂടാ."

  (യുദ്ധത്തിന്റെ പരിണാമം)

- "ധനവും ധാന്യം നാടുമൊക്കെയും
  കൈക്കലാക്കിയവനെ വിടുക വനഭുവി..."

  (പ്രലോഭനം)

സൂചനകളും പാഠസന്ദർഭങ്ങളും വിശകലനം ചെയ്ത് അശ്വത്ഥാമാവ്, കലി എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.

16.
- "ഇനി എന്റെ പക്ഷത്തിൽ ബാക്കിയുള്ളവരോടു പറയണം, ഭീമൻ മുറതെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന്."
- "ദ്രൗണിയോ, മുന്തിയ മുന്തിയ ആളുകളെച്ചെന്നു ചവിട്ടിക്കൊന്നു."
- "... ആ ധർമയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ ഈ പൈശാചികമായ അറുകൊലയിലാണ് അവസാനിച്ചത്."

തന്നിരിക്കുന്ന സന്ദർഭങ്ങളും പാഠഭാഗവും വിലയിരുത്തി യുദ്ധത്തിന്റെ പരിണാമം എന്ന തലക്കെട്ടിന്റെ പ്രസക്തി വിശകലനം ചെയ്ത് ലഘൂപന്യാസം തയ്യാറാക്കുക.

(മറുപുറം)

17. ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**സമ്പത്തുകാലത്ത്...**

സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ
ആപത്തു കാലത്തു കാ പത്തു തിന്നാം:
പക്ഷേ, സമ്പത്തുകാലമേ ഇല്ലാത്തവരെങ്ങിനെ
തൈ പത്തു വയ്ക്കും?
അന്നാന്നത്തെ പണി തേടുന്ന പട്ടിണിപ്പിള്ളയ്ക്ക്
തൈവയ്ക്കാൻ മണ്ണെവിടെ, വളമെവിടെ, എവിടെ നേരം?
സമ്പത്തുള്ളവരോ, തൈവച്ചുകൊണ്ടേയിരിക്കുന്നു
ആപത്ത് ഒരിക്കലും അവരെ പിടികൂടുന്നില്ല
അവരുടെ പത്തുകൾ നൂറായിരമായി പെരുകി വിളയുന്നു

* * *

ഈ ദുർനീതിയെ നേരിടാൻ നിങ്ങളുടെ സമ്പത്ത്
ആപത്തുകാർക്കുകൂടി പങ്കുവയ്ക്കുമോ?

(സച്ചിദാനന്ദൻ)

---